<u>**15 -ാം കേരള നിയമസഭ**</u>

<u>**11 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 270**</u> <u>**10-06-2024 - ൽ മറുപടിയ്ക്ക്**</u>

<u>**ഔഷധിയിലെ ശമ്പളപരിഷ്കരണം**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഔഷധിയിൽ അവസാനമായി ശമ്പളപരിഷ്കരണം നടപ്പിലാക്കിയതെന്നാണെന്ന് വ്യക്തമാക്കുമോ; | (എ) | ഔഷധിയിലെ ജനറൽ വർക്കർ ഒഴികെയുള്ള സ്ഥിരജീവനക്കാരുടെ ശമ്പള പരിഷ്കരണം പതിനൊന്നാംശമ്പളപരിഷ്കരണ ഉത്തരവിന് അനുസൃതമായി 08.02.2024 തീയതിയിലെ സ.ഉ.(കൈ)നം.4/2024/AYUSH നമ്പർ ഉത്തരവ് പ്രകാരം 01.07.2019 പ്രാബല്യത്തിലും, ജനറൽ വർക്കർ തസ്തികയിലെ ജീവനക്കാരുമായി ബന്ധപ്പെട്ട ശമ്പളപരിഷ്കരണം 01.01.2022 ലെ സ.ഉ.(കൈ) നം.1/2022/ആയുഷ് നമ്പർ ഉത്തരവ് പ്രകാരം 01.07.2018 പ്രാബല്യത്തിലും നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ശമ്പള പരിഷ്കരണത്തിൽ ജനറൽ വർക്കർമാർക്ക് അനുവദിച്ച ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | ആയുർവേദ മരുന്നു നിർമ്മാണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ബാധകമായ മിനിമം വേജസ് അടിസ്ഥാനമാക്കി നിശ്ചയിച്ചിട്ടുള്ള ശമ്പളസ്കെയിൽ അനുസരിച്ചുള്ള അടിസ്ഥാനശമ്പളം, 1998-99 വർഷം അടിസ്ഥാനമാക്കി തൃശ്ശൂർ കേന്ദ്രത്തിലെ ഉപഭോക്തൃ വിലസൂചിക ആധാരമാക്കിയ ക്ഷാമബത്ത, അറ്റൻൻസ് ഇൻസെൻറീവ്, വാഷിംഗ് അലവൻസ്, നൈറ്റ് ഷിഫ്റ്റ് അലവൻസ്, ഉന്നൽക്കൂലി നിലവിലെ സർക്കാർ നിരക്കിൽ 3000/- രൂപയുടെ സൗജന്യമരുന്നുകൾ എന്നീ ആനുകൂല്യങ്ങളാണ് അനുവദിച്ചുവരുന്നത്. |
| (സി) | ജനറൽ വർക്കർമാർക്ക് മെച്ചപ്പെട്ട വേതന വർദ്ധനവും പ്രമോഷനും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ശമ്പളപരിഷ്കരണപ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ